


## കടമ്പൂർ ഹയർസെക്കന്ററി സ്കൂൾ

# മഷിത്തണ്ട്

## സ്കൂൾ മാഗസിൻ

ലിറ്റിൽ കൈറ്റ്സ്

കടമ്പൂർ ഹയർ സെക്കന്ററി സ്കൂൾ

2023- 24



*നമ്മുടെ പൊതുവിദ്യാഭ്യാസ രംഗം ഇന്ന് മുന്നേറ്റത്തിന്റെ പാതയിലാണ്. വിദ്യാഭ്യാസരംഗത്ത് വിവരവിനിമയ സാങ്കേതികവിദ്യയുടെ പിൻബലം അത്ഭുതപൂർവമായ വളർച്ചയാണ് പ്രധാനം ചെയ്യുന്നത്. ആധുനികസങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വളർച്ചയുടെ പടവുകളിലൂടെ മുന്നേറുകയാണ്. കുട്ടികളുടെ സർവതാനുഖമായ വളർച്ചക്ക് വളരെ സഹായകരമായ ലിറ്റിൽ കൈറ്റ്സിന് എല്ലാവിധ ആശംസകളും നേരുന്നു. അതോടൊപ്പം ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്ത്വത്തിൽ രൂപീകരിച്ച ഡിജിറ്റൽ മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്കും അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു*

**എം സുധാകരൻ**

**ഹെഡ്മാസ്റ്റർ**



*കടമ്പൂർഹർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. വിവരവിനിമയ സാങ്കേതികവിദ്യയിൽ പ്രാഗൽഭ്യം നേടിയ ഒരുക്കൂട്ടം വിദ്യാർത്ഥികളുടെ ചിന്താശേഷിയും, സാങ്കേതിക മികവും ഇതിൽ നിറഞ്ഞുനിൽക്കുന്നു. ഈ പ്രവർത്തനത്തിൽ പങ്കാളികളായ വിദ്യാർത്ഥികളെയും അവരെ സഹായിച്ച അധ്യാപകരെയും ഞാൻ അഭിനന്ദിക്കുന്നു.*

**ലതേഷ് കുമാർ കെ പി**

**ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ**



ഇന്ന് ലോകം മുഴുവൻ വിരൽത്തുമ്പിലാണ്. നമ്മൾ ഇന്റർ നെറ്റിൽ നിന്ന് റോബോട്ടിക് യുഗത്തിലേക്ക് എത്തി നിൽക്കുന്നു. ക്ലാസ് മുറികൾ മൾട്ടിമീഡിയ സ്മാർട്ട് ക്ലാസ്സുകളായി മാറിയിരിക്കുന്നു. ഈ പുത്തൻ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഗുണപരമായി ഉപയാഗിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയട്ടെ. ഇതിലൂടെ അവരുടെ ഭാവനകൾ വളരട്ടെ, അങ്ങനെ അവർ കൂടുതൽ സ്മാർട്ടാവട്ടെ. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചിറകു വിടർത്തുന്ന നമ്മുടെ കുട്ടികളുടെ ഭാവനകൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**Editor**

# താളുകളിലൂടെ


ഓർക്കാൻ ഒരു യാത്ര....................1
ലഹരി....................3
പുഴ....................7
അമ്മ....................8
*പ്രകൃതിയും മനുഷ്യനും*....................9
സീത -രാം....................12
അനുഭവക്കുറിപ്പ്....................15
"സ്വപ്നങ്ങൾക്കു ചിറകുകൾ നൽകിയ പെൺകുട്ടി"....................17
ലഹരി എന്ന വിപത്ത്....................20
ആയിസാത്തയുടെ നങ്ങേമ്മ....................21
Once had a friend....................23
Take me with you....................24
വികസനം....................25
വായനയുടെ അഭാവം....................26
കാലവസ്ഥ വ്യതിയാനം....................27
ഇരുട്ടിൽ നിന്നും....................29
നാട്ടുകാർ....................32
സ്നേഹശൂന്യം....................33
സൗഹൃദത്തിന്റെ വില....................34
എന്തിനീ ക്രൂരത ചെയ്തു മനുഷ്യരെ....................36
നൊന്തുപെറ്റമ്മയുടെ,....................37
അരികിൽ കിടക്കുന്നു....................37
ചേതനയറ്റ തൻ പൊൻ മകൻ....................37
കമ്പ്യൂട്ടറും സേവനവും....................39
പൂന്തോട്ടം....................40
അവൾ....................41

# കടമ്പൂർ ഹയർസെക്കന്ററി സ്കൂൾ



**സ്വാ**തന്ത്ര്യ ലബ്ധിക്കു വളരെ മുൻപ് 1899 ൽ ഒരു എലിമെണ്ടറി വിദ്യാലയമായി ആരംഭിച്ച ഈ സ്ഥാപനത്തിന്റെ ശിൽപികൾ ഇന്ത്യൻ സംസ്കാരവും, പാരമ്പര്യവും, മൂല്യബോധവും സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുക എന്ന മഹത്തരമായ ലക്ഷ്യം മുന്നിൽ കണ്ടിരുന്നു. ആ ലക്ഷ്യബോധത്തോടു കൂടി 124 വർഷങ്ങൾക്ക് ശേഷവും ഈ വിദ്യാലയം മുന്നോട്ട് പോവുകയാണ്. കണ്ണൂർ ജില്ലയിൽ വിശിഷ്യാ കടമ്പൂരും പരിസര പ്രദേശങ്ങളിലും ഉള്ള ജനങ്ങളുടെ വിദ്യാഭ്യാസ സ്വപ്നങ്ങളുടെ പൂർത്തീകരണമാണ് **കടമ്പൂർ ഹയർ സെക്കണ്ടറി സ്കൂൾ.** കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ***7000*** ഓളം വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ അധ്യയനം തേടി എത്തുന്നുണ്ട്. 1899- ൽ കടമ്പൂർ എലിമെന്ററി സ്കൂൾ എന്നറിയപ്പെട്ട *ഈ സ്കൂൾ* പിന്നീട് ഹൈസ്കൂളായും, ഹയർ സെക്കന്ററിസ്കൂളായും ഉയർത്തപ്പെട്ടു. മാനേജ്മെന്റിന്റെ ശക്തമായ പിൻതുണയും അധ്യാപക അനധ്യാപകരുടെയും പി ടി എ - യുടെയും കൂട്ടായ പ്രവർത്തനവും ഈ സ്ഥാപനത്തെ പ്രശസ്തിയുടെ പടവുകളിലേക്ക് എത്തിച്ചു.

# ഓർക്കാൻ ഒരു യാത്ര....

യാത്രകൾ എല്ലാവർക്കും ഇഷ്ടമാണല്ലോ? നമ്മുടെ ജീവിതത്തിൽ മറക്കാൻ ആവാത്ത ധാരാളം യാത്രകൾ ഉണ്ടായിട്ടുണ്ടാകും അത് പോലെ ഉള്ള ഒരു യാത്രാനുഭവം ആണ് ഞാൻ നിങ്ങളുമായി പങ്കുവെയ്ക്കുന്നത്. ഏറെ നാളുകൾക്കു ശേഷം എന്റെ അമ്മയും സുഹൃത്തുക്കളും ചേർന്ന് ഒരു കൂട്ടുകാരിയുടെ മകന്റെ ഒന്നാം പിറന്നാൾ ആഘോഷിക്കാൻ കണ്ണൂർ ജില്ലയിലെ അഴീക്കോട് എന്ന സ്ഥലത്തേക്ക് പോയി. ഒരു ടൂറിസ്റ്റ് ബസ്സിൽ ആയിരുന്നു ഞങ്ങളുടെ യാത്ര. ഇത് ഒരു സാധാരണ യാത്രയായി തോന്നുമെങ്കിലും ഓരോ നിമിഷം കഴിയുംതോറും യാത്രയുടെ ഭംഗി വർദ്ധിച്ചു വന്നു. ബസ്സിന്റെ ഗ്ലാസ്സുകൾ തുറന്നിട്ടപ്പോൾ ഉള്ളിലേക്ക് അടിച്ച് കയറിയ ഇളം കാറ്റിൽ പുറത്തെ കാഴ്ചകൾ ആസ്വദിച്ചും കളി ചിരികളും തമാശകളും ആയി ദൂരം അറിയാതെ തന്നെ വളരെ വേഗത്തിൽ ഞങ്ങൾ ആ സ്ഥലത്ത് എത്തിച്ചേർന്നു . വയലുകളാൽ ചുറ്റപ്പെട്ട ഒരു പ്രദേശം ആയിരുന്നു അത്. വെള്ളത്തിൽ നിറയെ ആമ്പലുകളും, അതിന്റെ ഇടയിലൂടെ നീന്തി കളിക്കുന്ന മീനുകൾ, കുഞ്ഞു കുഞ്ഞു തവളകൾ ഇടക്ക് ചാടി കളിക്കുന്നു... ശരിക്കും പ്രകൃതി രമണീയമായ ഭൂപ്രദേശം. ഞങ്ങൾ എല്ലാവരും അവിടെ ചുറ്റി കറങ്ങി നടന്നു കണ്ടു. പിറന്നാൾ ആഘോഷം കഴിഞ്ഞ് എല്ലാവരും കൂടി അതിന്റെ അടുത്ത് ഉള്ള ചാൽ ബീച്ചിലേക്ക് പോകാൻ തീരുമാനിച്ചു. ചുട്ടു പൊള്ളുന്ന



വെയിലിൽ ഒരു മരുഭൂമി പോലെ ഉണ്ടായിരുന്ന ബീച്ച്. കുട്ടികളെ വെയിൽ കൊള്ളിക്കേണ്ട എന്ന് തീരുമാനിച്ച് എല്ലാരും കൂടെ ചേർന്ന് ഞങ്ങളെ ബീച്ചിനോട് ചേർന്നുള്ള പാർക്കിലേക്ക് പറഞ്ഞു വിട്ടു. അമ്മയും കൂട്ടുകാരും ബീച്ചിൽ ഒരു തണലിൽ ഇരുന്നു. അല്പ സമയം കഴിഞ്ഞ് ഞങ്ങൾ കുട്ടികൾക്ക് വെയില് ഒന്നും ഒരു പ്രശ്നം അല്ല എന്ന തീരുമാനിച്ച് ഞങ്ങൾ പാർക്കിൽ നിന്നും ഇറങ്ങി ബീച്ചിലേക്ക് വന്നു . തിരമാലയും കടലും കണ്ട് അത്ഭുതം കൊണ്ടും ആഹ്ലാദം കൊണ്ടും ഞങ്ങൾ എല്ലാവരും ഓടി കടലിലേക്ക് ചാടി. ആകെ നനഞ്ഞു കുളിച്ചു. അമ്മയും കൂടെ ഉണ്ടായിരുന്ന സുഹൃത്തുകളും ചേർന്ന് ഞങ്ങളെ പിടിച്ച് വെച്ചില്ലായിരുന്നെങ്കിൽ ശക്തിയായ തിരമാലയിൽ പെട്ട് ഒലിച്ചു പോകുമായിരുന്നു ഞങ്ങൾ. അത്രക്ക് തിടുക്കം ആയിരുന്നു എല്ലാവരും കൂടെ കാട്ടിയത്. വസ്ത്രം മുഴുവൻ നനഞ്ഞു കുതിർന്നിട്ടും ഞങ്ങൾ കളി തുടർന്നു. പൂഴി മണ്ണിൽ കളി വീട് വെച്ചും ഓടി കളിച്ചും ഞങ്ങൾ എല്ലാവരും ഒരുപാട് സന്തോഷിച്ചു അന്ന്. കുറച്ച് കഴിഞ്ഞ് തണലിൽ വിശ്രമിച്ച് വസ്ത്രം ഒക്കെ ഉണക്കിയ ശേഷം ഞങ്ങൾ മടങ്ങി പോകാൻ ബസ്സിന്റെ അടുത്തേക്ക് വന്നു. അപ്പോൾ എല്ലാവരും ഞങ്ങൾക്ക് ഐസ്ക്രീമും മിഠായികളും വാങ്ങിച്ചു തന്നു. മടക്ക യാത്രയിൽ ഉടനീളം നല്ല പാട്ട് കേട്ട് അതിനനുസരിച്ച് ഞങ്ങൾ എല്ലാവരും ഡാൻസ് ചെയ്തു. ഇടക്ക് കയ്യിൽ ഉണ്ടായിരുന്ന ഐസ്ക്രീം മറ്റുള്ള കുട്ടികളുടെ ദേഹത്ത് വീണ് ആകെ മൊത്തം ബഹളമയം ആയി. ഒരു സാധാരണ യാത്രയായി കാണേണ്ട ഈ യാത്ര ശരിക്കും മറക്കാൻ കഴിയാത്ത സന്തോഷവും ഓർമകളും തന്നു എനിക്ക്. വീട്ടിൽ എത്തിയത് പോലും ഞങ്ങൾ ഓരോരുത്തരും അറിഞ്ഞില്ല. ഇനിയും ഇത് പോലുള്ള യാത്രകൾക്ക് ആയി കാത്തിരിക്കുന്നു......

**Shivapriya Shanooj**

# ലഹരി....

ഗ്രാമത്തിലെ ലഹരി....എല്ലാർക്കും ശങ്കരൻ പ്രിയപ്പെട്ടവൻ ആയിരുന്നു ഒരു ദുശ്ശീലവും ഇല്ലാത്ത സൽസ്വഭാവത്തിന് ഉടമയായ ഒരു ചെറുപ്പക്കാരൻ. ഗ്രാമത്തിലെ അറിയപ്പെടുന്ന വീട് ആയിരുന്നു അയാളുടേത്. അച്ഛന്റെയും അമ്മയുടെയും ഏക മകൻ. അതുകൊണ്ട് തന്നെ കൂട്ടുകാർക്ക് എപ്പൊ വേണേലും ശങ്കരന്റെ വീട്ടിലേക്ക് കയറി ചെല്ലാമായിരുന്നു.

ഒരു ദിവസം അച്ഛനും അമ്മയും പുറത്തേക്ക് പോയ സമയത്ത് ശങ്കരന്റെ കൂട്ടുകാർ വീട്ടിലേക്ക് വന്നു. അവർ പതിവ് പോലെ കുളക്കടവിൽ ഇരുന്നു തമാശകൾ പറഞ്ഞു. അപ്പോൾ അതിൽ ഒരാൾ തന്റെ കീശയിൽ നിന്നും ഒരു ബീഡി എടുത്തു വലിക്കാൻ തുടങ്ങി. ശങ്കരൻ അതിനെ എതിർത്തു. അച്ഛനും അമ്മയും അത് ഇഷ്ടമാവില്ല എന്ന് പറഞ്ഞു. അപ്പോൾ മറ്റൊരാൾ പറഞ്ഞു "ഇല്ല അവർ ഒന്നും അറിയില്ല നീ ഇത് ഒന്ന് വലിച്ചു നോക്ക് ഇത് സാധാരണ സാധനം അല്ല". ശങ്കരനെ എല്ലാരും കൂടെ ചേർന്ന് ബലമായി പിടിച്ച് ആ ബീഡി വലിപ്പിച്ചു. അതിന് എന്തോ പ്രത്യേകത ഉള്ളതായി തോന്നി ശങ്കരന്. ആ ദിവസത്തിന് ശേഷം പലപ്പോഴും ബീഡി വലി ആവർത്തിച്ചു എങ്കിലും അന്നത്തെ ആ സുഖം കിട്ടിയില്ല അവന്. എന്നാലും ഒരു ദിവസം വീട്ടിൽ ആരും ഇല്ലാത്ത ഒരു സമയം ശങ്കരൻ പതിവ് പോലെ കൂട്ടുകാരെ വിളിച്ചു കുളക്കടവിൽ കൂടി.

അവൻ അവരോട് അന്ന് തന്ന ആ ബീഡി തരുവാൻ ആവശ്യപ്പെട്ടു. അപ്പോൾ സുഹൃത്ത് ദാസൻ പറഞ്ഞു "ഇപ്പോൾ രണ്ടെണ്ണമെ ഉള്ളൂ പകുതി ആക്കി തരാം". അവൻ ശങ്കരന് ഒന്ന് കൊടുത്തിട്ട് കത്തിക്കാൻ പറഞ്ഞു. ശങ്കരൻ കത്തിച്ചു വലിച്ചു. ഒരിക്കൽ അല്ല രണ്ടും മൂന്നും തവണ അവൻ ആഞ്ഞ് വലിച്ചു. വലിക്കും തോറും അവന്റെ ആവേശം കൂടി വന്നു. "ഇനി എനിക്ക് താ" അബു പറഞ്ഞു പക്ഷേ ശങ്കരൻ അത് കേട്ടില്ല. അവൻ ഏതോ മായാ ലോകത്ത് പെട്ട പോലെ ആയിരുന്നു. "നീ അബൂന് കൊടുക്ക് " ദാസൻ ഒന്ന് തറപ്പിച്ച് പറഞ്ഞു. എന്നിട്ടും ശങ്കരൻ കേട്ടില്ല അവൻ വീണ്ടും വലി തുടർന്ന് കൊണ്ടിരുന്നു. "എന്നാ നീ അടുത്തത് എടുക്ക് ദാസാ" നമ്മക്കും രസിക്കണ്ടേ". അബു ദാസന്റെ കീശയിൽ ഉണ്ടായിരുന്ന ബീഡി എടുത്തു കത്തിച്ചു വലിക്കാൻ തുടങ്ങി. അപ്പോഴേക്കും ശങ്കരന്റെ കയ്യിൽ ഉണ്ടായിരുന്നത് വലിച്ചു തീർന്നിരുന്നു. അവൻ അബുവിന് നേരെ കൈ നീട്ടി കൊണ്ട് പറഞ്ഞു "ഡാ ഒരു പുക കൂടി എടുത്തിട്ട് നിങ്ങൾക്ക് തരാം ഒന്ന് താ". അബുവിന് ദേഷ്യം വന്നു. "ഒന്ന് മുഴുവൻ നീ തീർത്തു ഇനി ഞങ്ങൾക്ക് വേണം". ഇത് കേട്ടതും ശങ്കരൻ അബുവിന്റെ കയ്യിൽ നിന്നും ആ ബീഡി പിടിച്ച് വലിക്കുവാൻ ശ്രമിച്ചു. കണ്ടു നിന്ന ദാസൻ അവനെ പിടിച്ചു തള്ളി. ശങ്കരന് അത് സഹിച്ചില്ല. കുളക്കടവിൽ കിടന്നിരുന്ന ഒരു ഇരുമ്പ് കമ്പി എടുത്ത് ദാസനെ അടിച്ചു. അടി കൊണ്ടത് അവന്റെ തലയിലും. അടികിട്ടിയ ദാസൻ മലർന്നടിച്ച് വീണു, തലയിൽ നിന്നും ചോര ഒഴുകി കുളക്കടവിൽ ആകെ പടർന്നു. ഇതൊക്കെ


കണ്ട് പകച്ച പോയ അബു അവിടെ നിന്നും ഓടി രക്ഷപെട്ടു. നാട്ടുകാരോട് വിവരം പറഞ്ഞു. ആദ്യം ലഹരി....ആരും വിശ്വസിച്ചില്ല അബു കാര്യങ്ങൾ വിശദീകരിച്ചപ്പോൾ എല്ലാവരും ശങ്കരന്റെ വീട്ടിലേക്ക് ഓടി. അവിടെ മരിച്ച കിടക്കുന്ന ദാസനും അരികിൽ പകച്ച നിൽക്കുന്ന ശങ്കരനെയും കണ്ടു. പിന്നെ അവിലഹരി....ടെ ആകെ വ്യാപിച്ച കിടക്കുന്ന കഞ്ചാവ് ബീഡിയുടെ ഗന്ധവും. ആരോ വിവരം അറിയിച്ചതിനെ തുടർന്ന് പോലീസ് എത്തി ശങ്കരനെ അറസ്റ്റ് ചെയ്തു. ഇതൊന്നും അറിയാതെ വീട്ടിലേക്ക് മടങ്ങി എത്തിയ ശങ്കരന്റെ അച്ഛനും അമ്മയും കണ്ടത് കയ്യിൽ വിലങ്ങ് അണിഞ്ഞ് ഭ്രാന്തനെ പോലെ നിൽക്കുന്ന തങ്ങളുടെ മകനെ ആണ്. അവർ കരഞ്ഞു കൊണ്ട് വിവരം ആരാഞ്ഞു. ഒരു ദുശ്ശീലവും ഇല്ലാത്ത തങ്ങളുടെ മകൻ കഞ്ചാവ് വലിച്ച് സ്വന്തം സുഹൃത്തിനെ കൊലപ്പെടുത്തിയത് ഓർത്ത് അവർ പകച്ച പോയി.....

വർഷങ്ങൾക്ക് ശേഷം ശിക്ഷ കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങി എത്തിയ ശങ്കരനെ അവന്റെ നാട്ടുകാർ ഒരു അപരിചിതനെ എന്ന പോലെ നോക്കി. പേടിയോടെ ആണെങ്കിലും അവൻ വീട്ടിലേക്ക് കയറി ചെന്നു . ശങ്കരനെ പോലീസ് പിടിച്ച കൊണ്ട് പോയ അന്ന് വീണത് ആണ് അവന്റെ അമ്മ. അവർ അവനെ കണ്ടു കരയാൻ തുടങ്ങി. ഒന്നും മിണ്ടാതെ അടുത്ത് നിന്ന അവന്റെ അച്ഛന്റെ കാൽക്കൽ വീണ് അവൻ ക്ഷമ യാചിച്ചു. കഞ്ചാവിന്റെ ലഹരിയിൽ താൻ അറിയാതെ പറ്റിയ തെറ്റിന് മാപ്പ് ചോദിച്ച കണ്ണീർ പൊഴിച്ചു. അച്ഛൻ അവനെ സ്നേഹത്തോടെ ചേർത്ത് പിടിച്ചു....

ഓർക്കുക ലഹരി മനുഷ്യനെ അന്ധനാക്കുവാൻ ഒരു നിമിഷം മതി... അത് നമ്മൾ പോലും അറിയാതെ നമ്മളെ കീഴടക്കുന്നു.... നമ്മുടെ ജീവിതം നമ്മുടെ കയ്യിൽ ആണ്....സൂക്ഷിക്കുക!!!

***Shivapriya shanooj***

## *പുഴ*



ശാന്തമായി ഒഴുകിത്തുടങ്ങി നീ-
നിഷ്കളങ്കമാം ചെറുപുഞ്ചിരിയിൽ
ദിക്കുകളറിയില്ല ദിശയറിയില്ല
എങ്കിലും തുടരണമീ യാത്ര

കൊച്ചു കൊച്ചു ശബ്ദത്താൽ തലോടി
വിവിധ രൂപഭാവങ്ങളാൽ
തണുപ്പായും ചൂടായും ഒഴുകിത്തുടങ്ങി നീ
ജീവിതമാകുന്ന വീഥിയിലൂടെ....

**Thushar**

# അമ്മ

അമ്മയില്ലാത്തൊരാ ജീവിതം സ്വപ്ന -
ത്തിൽ പോലും കാണാൻ വയ്യാതിരു -
ന്നൊരാ കുട്ടികൾക്കിന്നിതെന്തു പറ്റി?

അമ്മകൂടെയുള്ള ജീവിതം മരണ തുല്യ -
മെന്ന വേദവാക്യം ഹൃദയത്തിൽ
ചേർത്തു നടപ്പിന്നിതായിവർ



അമ്മതൻ സ്നേഹം അമൃതെ -
ന്ന കരുതിയിരുന്നൊരാ മക്കൾക്കി -
ന്നിതെന്തു പറ്റി?

അമ്മയോടൊത്തുള്ളോരാ സന്ധ്യസംഭാ -
ഷണങ്ങൾ പോലും വിഷം തീ -
ണ്ടും പോലെയായിന്നിവർക്ക്

ഇന്നമ്മയോടൊത്തുള്ളയീ ജീവിതമോ
സുഖമതോ പണ്ടമ്മയോടൊത്തു -
ചിലവഴിച്ചോരോരോ നിമിഷങ്ങളോ സുഖമെ -
ന്ന ചിന്തിപ്പൂ നിങ്ങളും....

**അഞ്ചിമ സി സി**

# പ്രകൃതിയും മനുഷ്യനും

പ്രകൃതിയെ നമുക്കെല്ലാവർക്കും നന്നായി അറിയാം, പ്രകൃതിയെ കുറിച്ച് നാം മനുഷ്യർ തന്നെ നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്. അതുപോലെ തന്നെ പാഠപുസ്തകങ്ങളിലും നാം പ്രകൃതിയുടെ മഹത്വത്തെക്കുറിച്ച് പഠിക്കുന്നുണ്ട്. എങ്കിലും നാം പ്രകൃതിയെ നശിപ്പിക്കുന്നത് എന്തുകൊണ്ടാണ്? മനുഷ്യരുടെ അമിതമായുള്ള സമ്പത്തിനോടുള്ള ആർത്തി കാരണം ഇന്ന് പ്രകൃതിയെയും നാം ചൂഷണം ചെയ്യുവാൻ തുടങ്ങി.

എന്തൊക്കെ തരത്തിലാണ് നാം പ്രകൃതിയെ നശിപ്പിക്കുന്നത് എന്ന് നമുക്ക് തന്നെ നിശ്ചയമില്ല. കുന്നുകൾ ഇടിച്ച് നികത്തുന്നു, വയലുകളും ജലസ്രോതസ്സുകളും നിരത്തി വൻ കെട്ടിടങ്ങൾ പണിയുന്നു, ഫാക്ടറികളിൽ നിന്നുള്ള മലിനജലം പുഴകളിലേക്കും, ജലാശയങ്ങളിലേക്കും ഒഴുക്കിവിടുന്നു, വണ്ടികളിൽ നിന്നും ഉണ്ടാകുന്ന പുകയും, ഫാക്ടറികളിൽ നിന്നു പുറന്തള്ളപ്പെടുന്ന മറ്റ് വിഷവാതകങ്ങൾ ഇവയെല്ലാം വായു മലിനീകരണത്തിന് കാരണമാകുന്നു. അതിൽ പ്രധാനമായും ഉള്ള ഒന്നാണ് ഉത്സവങ്ങളും മറ്റു പല ചടങ്ങുകളും ആഘോഷങ്ങളും പ്രകൃതിസൗഹാർദ്ദം എന്നു പറഞ്ഞ് പല ചെടികളും പറിച്ച് ഉപയോഗിച്ച് കുറെ വസ്തുക്കൾ ഉണ്ടാക്കുന്നു. തെങ്ങോല, വാഴ എന്നിവയൊക്കെ എത്രയോ പറിച്ചു കളഞ്ഞിരിക്കുന്നു. എല്ലാവരും പ്രകൃതിയെക്കുറിച്ച് പ്രസംഗിക്കുകയും പല പുസ്തകങ്ങളിലും എഴുതുകയും ഒക്കെ ചെയ്യും. എങ്കിലും പ്രകൃതിയെ സംരക്ഷിക്കാനായി തന്നെ അത്യാഗ്രഹങ്ങളെല്ലാം മാറ്റിവയ്ക്കുന്നത് വളരെ ചുരുക്കം പേർ മാത്രം. പരിസ്ഥിതി ദിനത്തിൽ നാം വീടുകളിൽ മരത്തൈകൾ നടാറുണ്ട്. പക്ഷേ ഒരു മരത്തിന് ജീവൻ നൽകുന്ന സമയത്ത് ആയിരം മരങ്ങൾ മരിച്ചു വീഴുന്നുണ്ടാവും. വായു മലിനീകരണത്തിൽ നിന്ന്

രക്ഷപ്പെടാൻ നമുക്ക് ഇലക്ട്രിക് വാഹനങ്ങൾ ഏറെ സഹായമാകുന്നുണ്ട്. ശബ്ദമലിനീകരണവും നമുക്ക് ഇത് ഉപയോഗിക്കുന്നതിലൂടെ കുറയ്ക്കാം. പക്ഷേ പലരും ഇന്ന് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ തയ്യാറല്ല. എന്നാൽ നാം അങ്ങനെ ഒരിക്കലും ചെയ്യരുത്. പ്രകൃതിയെ നമുക്ക് എന്തെല്ലാം രീതിയിൽ സംരക്ഷിക്കാൻ പറ്റുമോ അതെല്ലാം ചെയ്യണം. ഇങ്ങനെ പ്രകൃതിയെ ചൂഷണം



ചെയ്യുന്ന നമുക്ക് പ്രകൃതി തന്നെ മാറാനുള്ള അവസരങ്ങൾ നൽകിയിരുന്നുവെങ്കിലും നാം അത് ചെയ്തില്ല. അതിനു വലിയൊരു ഉദാഹരണമാണ് "പ്രളയം". 2018 ൽ നമ്മെ കിടുകിടാ വിറപ്പിച്ച ഒരു മഹാമാരിയാണ് പ്രളയം. നിരവധി പേർക്ക് ഇതുകാരണം വീടുകൾ നഷ്ടപ്പെട്ട് മറ്റുള്ളവരെ ആശ്രയിക്കേണ്ടി വന്നു. പലരും നമ്മെ വിട്ടു പോയി. ചിലർ പരിക്കുകളിലൂടെ രക്ഷപ്പെട്ടു. എന്നിട്ടും നമുക്ക് യാതൊരു മാറ്റവുമില്ല. പിന്നീട്

വീണ്ടും പ്രളയം വന്നു. എന്നിട്ടും യാതൊന്നും മാറിയില്ല. ആ പ്രളയ സമയത്ത് ജാതി മതം, പണക്കാരൻ ദരിദ്രൻ എന്നിങ്ങനെയുള്ള വേർതിരിവില്ലായിരുന്നു. മനുഷ്യൻ എന്നതാണ് സത്യം എന്ന് നമ്മെ പ്രളയം മനസ്സിലാക്കിപ്പിച്ചു. മാത്രമല്ല എത്ര പഠിച്ചിട്ടും നമുക്ക് പ്രകൃതിയെ ചൂഷണം ചെയ്യുന്നത് നിർത്താൻ കഴിയുന്നില്ല. എല്ലാവർക്കും അറിയാം നാം ചെയ്തുകൊണ്ടിരിക്കുന്നത് തെറ്റാണെന്ന്. എന്നിട്ടും മനുഷ്യർക്കിടയിൽ മാറ്റങ്ങൾ സംഭവിച്ചില്ല. പലരും വേദികളിൽ പ്രസംഗിച്ചുവെങ്കിലും യാതൊരു കാര്യവുമില്ല. പല മത്സരങ്ങളിലും 'പ്രകൃതി മനുഷ്യരും' എന്നത് വിഷയമാക്കി. ആളുകൾക്ക് ഈ വിഷയത്തോടുള്ള കാഴ്ചപ്പാട് എല്ലാം ശരിയാണ്, പക്ഷേ അവർ അത് സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ തയ്യാറാകുന്നില്ല. ഇങ്ങനെ പോയാൽ ഈ ലോകത്ത് ജീവിക്കാൻ തന്നെ കഷ്ടപ്പാടായിരിക്കും. യന്ത്രങ്ങൾ മാത്രമായിരിക്കും അവസാനം ബാക്കിയാവുക. എന്നാൽ കഴിയുന്നത് ഞാൻ ചെയ്യും എന്റെ സ്വന്തം അമ്മയ്ക്ക് വേണ്ടി, പ്രകൃതിക്കുവേണ്ടി. മനുഷ്യരേ, നിങ്ങൾ എന്താണ് ചെയ്യുന്നത്? നിങ്ങളുടെ ഉദ്ദേശം എന്താണ്.....

ഇത്രയൊക്കെ കിട്ടിയിട്ടും ഒരു ഉളുപ്പുമില്ലാത്ത മനുഷ്യരെ, നിങ്ങൾ അനുഭവിക്കാൻ കിടക്കുന്നതേയുള്ളൂ.......

**അശ്വതി എ ടി വി**

# സീത -രാം

ഒരു സുന്ദരിയായ പെൺകുട്ടി പുഞ്ചകൃഷിയിടത്തുടെ ഓടി നടക്കുന്നു. അവൾ നെല്ലിൽ വരമ്പുകളിലൂടെ വിരലുകൾ പായിച്ചുകൊണ്ട് പുഞ്ചിരിയോടെ മുന്നോട്ട് നടക്കുന്നു. പെട്ടെന്ന് ചുറ്റുവട്ടത്ത് നിന്ന് ഒരു വിളി അവ്യക്തമായി മുഴങ്ങിക്കൊണ്ടേയിരിക്കുന്നു. ആ ശബ്ദത്തിന് മെല്ലെ മെല്ലെ വ്യക്തത വരുവാൻ തുടങ്ങി "രാം.. രാം.. രാം..." പെട്ടെന്ന് അവന്റെ മിഴികൾ തുറന്നു. മാന്തോപ്പിൽ കിടക്കുകയായിരുന്ന അയാൾ തന്റെ മിഴികൾ ആഞ്ഞു തുറക്കുമ്പോൾ ഉണങ്ങി വറ്റിയ കണ്ണുകളിൽ നിന്ന് രണ്ട് തുള്ളി കണ്ണുനീർ പൊടിഞ്ഞിരുന്നു. അയാൾ ചുറ്റിലും വിഭ്രാന്തിയോടെ നോക്കി. അയാളുടെ കണ്ണുകൾ ആരെയോ അന്വേഷിക്കുന്നതായി ആരും പറയും. പെട്ടെന്ന് അയാളുടെ ശ്രദ്ധ അയാളുടെ മുൻപിലുള്ള സ്ത്രീയുടെ നേർക്കു തിരിഞ്ഞു. അയാൾ മെല്ലെ ഒരു ചെറു ശബ്ദത്തിൽ ആ സ്ത്രീയോട് ചോദിച്ചു, "എന്തുപറ്റിയുമ്മ"? "എന്താ ഇങ്ങനെ നോക്കണ്"?. ഫാത്തിമയുടെ കണ്ണുകൾ ചെറുതായി നിറഞ്ഞിരുന്നു "ന്റെ മോൻ വീണ്ടും ഓളെ കണ്ടൂലെ "? അവൾ ചോദിച്ചു. രാമിന്റെ മുഖം വാടി. ഇനി കൂടുതൽ ചോദിച്ചാൽ ശരിയാവില്ലെന്ന് മനസ്സിലാക്കിയ ഫാത്തിമ അത് അവിടെ ഉപേക്ഷിച്ച് അവനോട് അകത്തേക്ക് കയറാൻ പറഞ്ഞു. അവൻ അകത്തേക്ക് പോയി. കുറച്ചു സമയം അവിടെ ഇരുന്ന ശേഷം അകത്തളത്തിന്റെ വലതുവശത്തുള്ള ഒരു മുറിയിൽ കയറി അവൻ അവിടെയുള്ള ഒരു കസേരയിൽ ഇരുന്നു. അവന്റെ കണ്ണുകൾ മുന്നിൽ വച്ചിരിക്കുന്ന ഒരു ചിത്രത്തിലേക്ക് പാഞ്ഞു നീങ്ങി. അതിൽ ഒരു സുന്ദരിയായ പെൺകുട്ടിയായിരുന്നു. അവൻ നേരത്തെ കണ്ട സ്വപ്നത്തിലെ അതെ പെൺകുട്ടിയായിരുന്നു അത്. അവൻ ആ കസേരയിൽ ചാരിയിരുന്ന് മെല്ലെ "സീത" എന്ന് മന്ത്രിച്ചു കൊണ്ട് കണ്ണുകൾ അടച്ചു. വിവിധ ഭാവങ്ങൾ അവന്റെ മുഖത്ത് മിന്നിമറഞ്ഞുകൊണ്ടേയിരുന്നു. പെട്ടെന്ന് അവൻ "മോളെ സീതേ

"എന്നലറിക്കൊണ്ട് ചാടിയെണീറ്റു. അവന്റെ അലർച്ച കേട്ട് ഓടി വന്ന ഫാത്തിമ വെപ്രാളത്തോടെ അവനോട് ചോദിച്ച "എന്താ? ന്റെ കുട്ടിക്കിതെന്താ പറ്റിയെ?" "ഒന്നുമില്ല ഉമ്മ" അവൻ ഒരു വാക്കിലത് എങ്ങനെയോ പറഞ്ഞൊതുക്കി. കുറച്ച സമയം അവിടെ നിന്ന ശേഷം ഫാത്തിമ അവിടെ നിന്ന് മടങ്ങി. രാം കിടക്കാൻ വേണ്ടി കട്ടിലിലേക്കാഞ്ഞു. അൽപ സമയത്തിന് ശേഷം അവൻ ഉറങ്ങി പോയി. അവൻ ഓർക്കയായി അവനും അവന്റെ കുഞ്ഞു പെങ്ങളായ സീതയും അവരുടെ അമ്മയും കളിച്ചും ചിരിച്ചും കഴിച്ച കൂട്ടിയ ഓരോ നിമിഷങ്ങളും, എന്നും അനാഥാലയങ്ങളിൽ സന്ദർശനം നടത്തുന്ന അവരുടെ കൊച്ച കുടുംബം ഒരിക്കൽ അനാഥമായി പോകുമെന്ന് ആര് കണ്ടു... രാമിന്റെയും സീതയുടെയും അച്ഛൻ ഒരു പട്ടാളക്കാരനായിരുന്നു.

ഒരു തീവ്രവാദ സംഘടനയിലെ ആറു പേർ റെയിൽവെസ്റ്റേഷനുകളിൽ ബോംബുകളുമായി വന്നേക്കാം എന്ന സംശയമുള്ളതിനാൽ ആ സംഘടനയെ ഇല്ലാതാക്കാനുള്ള മിഷനിലെ ഒരംഗമായിരുന്നു അദ്ദേഹം. എന്നാൽ നിർഭാഗ്യവശാൽ ആ ആക്രമണത്തിൽ അവരുടെ അച്ഛൻ കർണൽ വിശ്വനാഥ് മരിച്ചു. എന്നാൽ അവരുടെ അച്ഛന്റെ കുറവ് ഒരിക്കലും അവർ അറിഞ്ഞിരുന്നില്ല. കാരണം ഒരിക്കലും അവരുടെ അമ്മ അത് അറിയിച്ചിരുന്നില്ല. അവരുടെ കുടുംബം സന്തോഷത്തോടെ തന്നെ മുന്നോട്ട് പോയി. എന്നാൽ കാലം നമുക്ക് വേണ്ടി എന്താണ് കരുതി വെക്കുന്നത് എന്ന് ആർക്കും പറയാൻ പറ്റില്ലല്ലോ. ഒരു ദിവസം സീതയും, രാമും, അമ്മ ലക്ഷ്മിയും അനാഥാലയത്തിലേക്ക് പോയികൊണ്ടിരിക്കുമ്പോൾ ഒരു കാർ ആക്സിഡന്റിൽ സീത കൊല്ലപ്പെട്ടു. ലക്ഷ്മിക്ക് ഗുരുതര പരിക്ക്, രാമിന് പരിക്കേറ്റെങ്കിലും സീറ്റ് ബെൽറ്റ് ധരിച്ചതിനാൽ ഗുരുതരമല്ല. ലക്ഷ്മിയിപ്പോഴും ആശുപത്രിയിലാണ്, കോമ സ്റ്റേജിൽ. തന്റെ പ്രിയപ്പെട്ട പെങ്ങളായിരുന്ന സീതയുടെ മരണം രാമിനെ വല്ലാതെ തളർത്തിയിരിക്കുന്നു. സീതയുടെ ശവസംസ്കാരങ്ങൾക്ക് ശേഷം അവൻ അവന്റെ അമ്മയുടെ കൂടെ കുറച്ച കാലം ആശുപത്രിയിൽ കഴിച്ചുകൂട്ടി. ഈ സംഭവങ്ങളൊക്കെ അറിഞ്ഞു ലക്ഷ്മിയുടെ കളിക്കൂട്ടുകാരിയും ആത്മസുഹൃത്തുമായ ഫാത്തിമ അവിടെ വന്ന് രാമിന്റെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുത്ത് അവന്റെ

ഉമ്മയായി അവന്റെ കൂടെ നിൽക്കുകയും ചെയ്യുന്നു. പെട്ടെന്ന് ഉറങ്ങിക്കിടന്ന അവനോട് ഫാത്തിമ എഴുന്നേൽക്കാൻ പറയുകയും പെട്ടെന്ന് തയ്യാറാവണം പറഞ്ഞു. രാം അതനുസരിച്ചു. പിന്നീട് അവർ ആശുപത്രിയിൽ പോവുകയും അവന്റെ അമ്മയോടൊത്തു സമയം ചിലവഴിക്കുകയും ചെയ്തു. ലക്ഷ്മി മെല്ലെ മെല്ലെ ജീവിതത്തിലേക്ക് മടങ്ങി വന്നു. സ്വന്തം അമ്മയുടെ തണലിൽ രാം സീതയെ കുറിച്ചു വലുതായി ചിന്തിക്കാറില്ല. അഥവാ ഇനി അങ്ങനെ അവൻ ചിന്തിക്കാൻ തുടങ്ങിയാലും ലക്ഷ്മിക്കറിയാം അവന്റെ മനസിനെ എങ്ങനെ തണുപ്പിക്കാമെന്ന്.

**അഞ്ചിമ സി സി**

# *അനുഭവക്കുറിപ്പ്*

എനിക്ക് പാട്ട് വളരെ ഇഷ്ടമായിരുന്നു. എന്റെ കസിൻസ് പാട്ടു പഠിക്കാൻ പോകുന്നുണ്ടായിരുന്നു. ഞാൻ അമ്മയോട് വാശിപിടിച്ചു. ഞാൻ അങ്ങനെ പാട്ടിനു ചേർന്നു ഡിസംബർ മാസം 2020 ലോക്ക്ഡൗണിലാണ് പാട്ട് പഠിക്കാൻ തുടങ്ങിയത്. അവർ പാടുന്നത് കേട്ട് ഞാൻ എപ്പോഴും പാടാൻ ശ്രമിക്കുമായിരുന്നു. അങ്ങനെ ഞാൻ ആദ്യമായി പാട്ടു പഠിക്കാൻ തുടങ്ങി. എനിക്ക് ഓൺലൈൻ ക്ലാസ്സ് ആണെങ്കിലും കുറച്ച് ടെൻഷൻ ഉണ്ടായിരുന്നു. പിന്നെ അതൊക്കെ മാറി. ലോക്ക്ഡൗണിന് ശേഷം നേരിൽ കണ്ടു പഠിക്കാൻ തുടങ്ങി. ടീച്ചർ പാടുന്നത് കേട്ട് ഓരോന്നും ശ്രദ്ധിച്ചു പാടാൻ നോക്കി. അങ്ങനെ എന്റെ അമ്പലത്തിൽ ഉത്സവം ഉണ്ടായപ്പോൾ ഞങ്ങൾ ഭജനം പാടാൻ തീരുമാനിച്ചു. എന്റെ കസിൻസിനെ പാടാൻ എടുത്തു. എന്നെ മാത്രം എടുത്തില്ല, എനിക്ക് സങ്കടമായി. പിന്നെ എനിക്ക് പാടാൻ അവസരം ലഭിച്ചു. ടീച്ചറും കൂടെ ഉണ്ടായതുകൊണ്ട് എനിക്ക് വളരെയധികം പേടിയായിരുന്നു. പിന്നെ ഇത്രയും പേരുടെ മുന്നിൽ എങ്ങനെ പാടുമെന്ന ആധിയും. പക്ഷേ സ്റ്റേജിൽ എത്തിയപ്പോൾ പേടിയൊക്കെ പോയി. അങ്ങനെ ഞാൻ പാടുമ്പോൾ എന്റെ സൗണ്ട് മൈക്കിലൂടെ ചെറിയ ശബ്ദത്തിലായിരുന്നു കേട്ടത്. ഞാൻ മൈക്ക് കൃത്യമായി പിടിച്ചിരുന്നില്ല. പിന്നെ പിറകിൽ നിന്ന് ആരോ തെറ്റിച്ചു പാടിയപ്പോൾ മുഴുവനും തെറ്റിപ്പോയി. എനിക്ക് വളരെയധികം സങ്കടം നിറഞ്ഞ ദിവസമായിരുന്നു അത്. ഞാൻ ഒത്തിരി കരഞ്ഞു. അങ്ങനെ നവമിക്ക് കരോക്കെ ഭക്തിഗാനത്തിനു പാടാൻ അവസരം കിട്ടി. അപ്പൻ ആയിരുന്നു അത് ചെയ്തു

തന്നത്. ഞാനും കസിൻസും ആയിരുന്നു പാടിയത്. അന്ന് എനിക്ക് ജലദോഷം പിടിച്ചിരുന്നു. പക്ഷേ ഞാൻ പാടി, എന്റെ അമ്മയാണ് എനിക്ക് പിറകിൽ നിന്ന് എന്നെ സപ്പോർട്ട് ചെയ്തത് . പിന്നെ എനിക്ക് പാടാൻ അവസരം ഒരുക്കി തന്ന കുറച്ചുപേർ നല്ല അഭിപ്രായം പറഞ്ഞു. പക്ഷേ എനിക്ക് ഞാൻ പാടിയത് ഇഷ്ടമായില്ല. പിന്നെ സ്കൂളിലെ കലോത്സവത്തിനും എനിക്ക് സെലക്ഷൻ ലഭിച്ചില്ല. വഞ്ചിപ്പാട്ടിനും ലളിതഗാനത്തിലും ഇത് രണ്ടിനും ലഭിച്ചില്ല. എന്നെ എപ്പോഴും പാട്ടു പഠിപ്പിക്കുന്ന അടുത്തുള്ള ഒരു ആന്റി എന്നെക്കുറിച്ച് പറയും അവൾക്ക് നല്ലവണ്ണം പാടാൻ കഴിയില്ല എന്നൊക്കെ. പക്ഷേ ഞാൻ നല്ലവണ്ണം ശ്രമിച്ചു. ഇനിയും നല്ലവണ്ണം ശ്രമിക്കും. എനിക്ക് വായനശാല മത്സരത്തിന് നാടൻപാട്ടിന് രണ്ടാം സ്ഥാനം കിട്ടി. അതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഇനിയും ഞാൻ നല്ല അവസരങ്ങൾക്ക് വേണ്ടി കാത്തുനിൽക്കും. എന്നെപ്പറ്റി പറഞ്ഞതിൽ എനിക്ക് ഒന്നുമില്ല. ഓപ്പൺ ആയി പറഞ്ഞതിൽ എനിക്ക് സന്തോഷമേയുള്ളൂ. ഇതുവരെ ഉണ്ടായതിൽ വളരെ മോശം അനുഭവങ്ങളും നല്ല അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇനിയും പാട്ടുപാടുമ്പോൾ നല്ലതും മോശവുമായ അനുഭവങ്ങളും അഭിപ്രായങ്ങളും ഉണ്ടാവും. പുതിയ മാറ്റങ്ങൾ വരുത്താൻ ഞാൻ ശ്രമിക്കും. ഇതൊക്കെ എനിക്ക് മറക്കാൻ കഴിയാത്ത അനുഭവമാണ്. ഇനി അങ്ങോട്ടുള്ള യാത്രയ്ക്ക് മാറ്റങ്ങൾ വരുത്താൻ എന്റെ അനുഭവങ്ങൾക്ക് കഴിയും. കുറച്ച് ആളുകളുടെ വാക്കുകൾ എനിക്ക് പ്രചോദനമായി തീർന്നു.

**ശ്രീനന്ദ സന്തോഷ്**

# "സ്വപ്നങ്ങൾക്കു ചിറകുകൾ നൽകിയ പെൺകുട്ടി"

ഒരു നല്ല മഴയുള്ള സമയം ബസിൽ നിന്ന് ഒരു പെൺകുട്ടി ധൃതിയിൽ എല്ലാവരെയും തള്ളി മാറ്റി ഒരു ഷോപ്പിലേക്കു ഓടി കയറുന്നു. ഞാൻ ഇന്നും താമസിച്ചു മുതലാളിയിൽ നിന്നും ഇന്നും വഴക്കു കിട്ടും അവൾ വിചാരിച്ചു . (അപ്പോഴാണ് പിറകിൽ നിന്ന് ഒരു വിളി കേട്ടത് .)

"നീ എന്താ താമസിച്ചത് "

മുതലാളി ചോദിച്ചു

" അമ്മയ്ക്കു സുഖമില്ല, അതുകൊണ്ടാണ് സർ "

അവൾ പറഞ്ഞു

"ഇനി ഇതു ആവർത്തിക്കരുത് "

മുതലാളി പറഞ്ഞു

അവൾ നേരിയനെടുവീർപ്പോടെ അകത്തേക്കു പോയി. അവൾ ജോലിയിൽ മുഴുകിനിൽക്കുന്ന സമയത്താണ് പുറത്തു നിന്നും ഒരു ബഹളം കേട്ടത്

(അവളുടെ കൂടെയുള്ള പെൺകുട്ടി പുറത്തേക് പോകുന്നു കുറച്ചു സമയത്തിന് ശേഷം തിരിച്ചു വരുന്നു. )

"ഒരാൾ മദ്യപിച്ചു വന്നു ബഹളം വെയ്ക്കുകയാണ്

അയാൾ നിന്റെ പേരാണ് പറയുന്നത്"

ആ പെൺകുട്ടി പറഞ്ഞു

അവൾ ധൃതിയിൽ പുറത്തേക്കു ഓടി ( അത് അവളുടെ അച്ഛനായിരുന്നു .)

അയാൾക്കു മദ്യപിക്കാൻ പൈസ കൊടുക്കാത്തതിന്റെ പേരിൽ അവളെ ചീത്ത പറയുകയും തല്ലുകയും ചെയ്തു. ഒന്നും മറുത്തു പറയാൻ ആവാതെ അവൾ അവിടെ നിന്നും വിതുമ്പി കരയുകയാണ്. അവിടെ ഉള്ളവർ അയാളെ പിടിച്ചു മാറ്റാൻ ശ്രമിക്കുന്നു.

ഇതെല്ലാം കണ്ടുനിൽക്കുന്ന മുതലാളി അവളോട് ദേഷ്യത്തോടെ പറഞ്ഞു

"നിന്റെ അച്ഛനെയും കൂട്ടി ഇവിടെനിന്നും വേഗം പൊയ്ക്കോ. ഇനി നീ ജോലിക്കു ഇവിടെ വരണമെന്നില്ല."

"അയ്യോ സാർ അങ്ങനെ ഒന്നും പറയരുത്"

അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു

"എന്റെ കുടുംബം പട്ടിണിയിലാവും"

" എനിക്ക് അതൊന്നു കേൾക്കേണ്ട"

മുതലാളി പറഞ്ഞു

അവൾ കരഞ്ഞു കൊണ്ട് അവിടെനിന്നും ഇറങ്ങി മുന്നോട്ടേക്ക് നടന്നു. എവിടേക്കു പോകണം എന്തു ചെയ്യണമെന്ന് അറിയാത്ത അവസ്ഥയിൽ അവൾ നടന്നു ബസ്സ്റ്റോപ്പിൽ ഇരുന്നു.

(എനിക്ക് ജോലി ഇല്ലെങ്കിൽ എന്തു ചെയ്യും. എന്റെ കുടുംബത്തിന് വേണ്ടിയാണ് എന്റെ പഠനവും സ്വപ്നങ്ങളും ഞാൻ ത്യജിച്ചത് . അച്ഛന്റെ മദ്യപാനം

കാരണം വീട്ടിൽ എപ്പോഴും പ്രശ്നമാണ്. അച്ഛൻ വീട്ടിലെ കാര്യങ്ങൾ ഒന്നും ശ്രദ്ധിക്കാതെയായി. അമ്മ ജോലിക്കു പോവാൻ തുടങ്ങി. പെട്ടെന്നു ഒരു ദിവസം അമ്മയ്ക്ക് സുഖമില്ലാതായി. അതുകാരണം അമ്മ കിടപ്പിലായി. അനിയത്തിമാരെ പഠിപ്പിക്കാനും വീട്ടിലെ പട്ടിണി മാറ്റാനും വേണ്ടിയാണ് ഞാൻ പഠിപ്പു നിർത്തി ജോലിക്കു പോവാൻ തുടങ്ങിയത്. ആ ജോലി ഇപ്പോൾ ഇല്ല ഞാൻ എന്തു ചെയ്യും.)

അവൾ വിചാരിച്ചു.

അപ്പോഴാണ് അവളെ ലക്ഷ്യമാക്കി ഒരാൾ നടന്നുവരുന്നത് അവളുടെ ശ്രദ്ധയിൽ പെട്ടത് .

അയാൾ വന്ന് അവളുടെ അടുത്തിരുന്ന് ചോദിച്ചു:

"നിനക്ക് എന്നെ മനസ്സിലായോ "

"ഇത് എന്നെ പഠിപ്പിച്ച ടീച്ചർ അല്ലെ "

അവൾ പറഞ്ഞു:

" നീ എന്താ ഇവിടെ വിഷമിച്ച് നിൽക്കുന്നത്"

ടീച്ചർ ചോദിച്ചു. (അവൾ  എല്ലാം  പറഞ്ഞു കൊടുത്തു)

(അത് കേട്ട്  അയാൾ പറഞ്ഞു)

"നീ ഇങ്ങനെ  തളർന്ന്  നിന്നാൽ  പറ്റില്ല

നിനക്കു ഒരു ജോലി  അത്യാവശ്യമാണ്

അത് പോലെ വിദ്യാഭ്യാസവും . നീ ഇനിയും കോളേജിൽ പോകണം

പഠിക്കണം ഒരു IAS ഓഫീസറാവണം

നിന്റെ സ്വപ്നം നിറവേറണം  "

"എന്നെകൊണ്ട്  അത് പറ്റുമോ  ടീച്ചർ"

അവൾ നിസ്സഹായതയോടെ ചോദിച്ചു

"നിനക്ക്  അത് പറ്റും "

ടീച്ചർ പറഞ്ഞു

[അവൾ അങ്ങനെ പഠിക്കുകയും പാർട്ട് ടൈം ജോലിയായി ലോട്ടറി വില്പനയ്ക്ക്  പോവുകയും ചെയ്തു. വീട്ടിലെ കാര്യങ്ങളെല്ലാം അവൾ ആ ജോലിയിൽ കണ്ടെത്തി അവളുടെ കോളേജ് ഫീസ് എല്ലാം അവളുടെ  ടീച്ചർ അടച്ചു. അങ്ങനെ അവൾ പഠിച്ചു , അവളുടെ ആഗ്രഹമായ  IAS ഓഫീസറായി.

(ജീവിതത്തിൽ ആത്മവിശ്വാസവും ധൈര്യവും ഉണ്ടെങ്കിൽ എന്തും നമുക്കു നേരിടാം എന്ന് അവൾ കാണിച്ചുതന്നു. )

**- നിരഞ്ജന രഞ്ജിത്ത്**

# ലഹരി എന്ന വിപത്ത്

ഒരു രാജ്യത്തിന്റെ ഭാവി എന്നത് ഇന്നത്തെ കുട്ടികളുടെ കൈയ്യിലാണ് . ആ കുട്ടികളിലെ ഉത്തരവാദിത്ത്വത്തെ തകർക്കും വിധമാണ് ലഹരി എന്ന മാരക വസ്തു കുട്ടികളിൽ എത്തിയിരിക്കുന്നത്. അമിതമായ ലഹരി വസ്തുക്കളുടെ ഉപയോഗം കുട്ടികളുടെ ഭാവി തന്നെ തകർക്കുന്നു.

ലഹരി എന്നത് ഒരു വിപത്താണെന്ന് കുട്ടികൾ മനസ്സിലാക്കാത്തതുക്കൊണ്ടാണ് ഇന്നീ സാഹചര്യം ഇത്രയും വളരാൻ കാരണം. കൂട്ടുകാരിൽ നിന്ന് ലഭിക്കുന്ന പ്രേരണ, പഠനത്തോടുള്ള പേടി , കുട്ടികൾക്ക് അമിതമായി ലഭിക്കുന്ന പോക്കറ്റ് മണി എന്നിവയാണ് കുട്ടികളെ ലഹരിയിലേക്ക് എത്തിക്കുന്നത് . ഓരോ ദിവസം കഴിയുംതോറും ഓരോ കുട്ടികളും ലഹരിയിലേക്ക് എത്തുന്നത് ഇന്നത്തെ മാധ്യമങ്ങളിലൂടെ നമ്മൾ കാണുന്ന നിത്യ വാർത്തകളാണ്. രക്ഷിതാക്കളുടെ സമയമില്ലായ്മ, രക്ഷിതാക്കളുടെ ശ്രദ്ധക്കുറവും കുട്ടികളെ ലഹരിയിലേക്ക് എത്തിക്കുന്ന സാഹചര്യങ്ങളാണ്.

'ജീവിതമാണ് ഏറ്റവും വലിയ ലഹരി' എന്ന് നമ്മളോരോരുത്തരും മനസ്സിലാക്കണം. വീട്ടിലുള്ളവരുമായി ഓരോ നിമിഷങ്ങൾ പങ്കിടുമ്പോൾ ലഭിക്കുന്ന സന്തോഷം ഒരു ലഹരി വസ്തുക്കളുടെ ഉപയോഗത്തിലൂടെയും ലഭിക്കില്ല എന്ന് കുട്ടികളെ പറഞ്ഞ് മനസ്സിലാക്കണം. സ്നേഹം നിറഞ്ഞൊരു ലോകം നമുക്ക് വാർത്തെടുക്കാം.

**Krishnasree.N**

# ആയിസാത്തയുടെ നങ്ങേമ്മ

മ്ഹേ മ്ഹേ.... എന്ന നീട്ടി വിളി കേട്ടായിരുന്നു ആയിസാത്ത രാവിലെ എഴുന്നേറ്റത്. രാവിലെ ആയപ്പോൾ തന്നെ നങ്ങേമ്മയുടെ പിണക്കം ആ ഗ്രാമത്തെ ഉണർത്തി. ആയിസാത്ത അവളെയും കൂട്ടി ആട് മേയ്ക്കാൻ പോയി. അങ്ങ് കുന്നിൻ ചെരുവിൽ എത്തിയപ്പോൾ നങ്ങേമ്മ അവിടുത്തെ ഇലകൾ ഭക്ഷിച്ചു തുടങ്ങി. ആയിസാത്ത നങ്ങേമ്മയെ ജീവനുതുല്യം സ്നേഹിച്ചിരുന്നു. നങ്ങേമ്മയ്ക്കും അങ്ങനെ തന്നെ ആയിരുന്നു. തന്നെ സംരക്ഷിക്കുന്ന ആയിസാത്തയോട് ആ മിണ്ടാപ്രാണിക്ക് സ്നേഹമല്ലാതെ മറ്റെന്തുണ്ടാവാൻ. ആയിസാത്തയുടെ ആങ്ങള കൊണ്ടുവന്നതായിരുന്നു അവളെ. പിന്നീട് അവളെ ആയിസാത്തയുടെ കൈകളിൽ ഏല്പിച്ചു. അങ്ങനെ ആടിനെ മേയ്ച്ച് കഴിഞ്ഞ അവർ ആടിനേയും കൂട്ടി വീട്ടിലേക്കു മടങ്ങി. ആയിസാത്ത അവിവാഹിതയാണ്. അവർ വീട്ടിൽ ഒറ്റയ്ക്കാണ് താമസിക്കുന്നത്. തന്റെ ജീവിതാവശ്യങ്ങൾക്കു വേണ്ടിയാണ് ആയിസാത്ത ആടിനെ വളർത്തുന്നത്. തന്റെ വീട് പുതുക്കി പണിയുന്നതിനായി ആയിസാത്ത ബാങ്കിൽ നിന്നും ലോൺ എടുത്തിരുന്നു. അവസാനം അതിന്റെ വായ്പ്പ മുടങ്ങി. ഇനി എന്ത് ചെയ്യണം എന്നറിയാതെ അവർ നിന്നു. പെട്ടെന്ന് വീടിനു മുന്നിൽ ഒരു സർക്കാർ ജീപ്പ് വന്നുനിന്നു. അത് ബാങ്ക് ഉദ്യോഗസ്ഥനായിരുന്നു. അവർ നിയമനടപടികളിലേക്ക് കടന്നു. അവസാനം ആയിസാത്ത നങ്ങേമ്മയേയും കൂട്ടി ആങ്ങളയുടെ വീട്ടിലേക്കു പോയി. ആങ്ങള അവരോട് ആടിനെ വിറ്റ് കടം തീർക്കാൻ

ആവശ്യപ്പെട്ടു. ആദ്യം അവർ അതിനെ എതിർത്തു. പക്ഷെ അപ്പോഴത്തെ സാഹചര്യത്തിൽ അവർക്ക് അതിനെ വിൽക്കേണ്ടി വന്നു. തനിക്കേറ്റവും പ്രിയപ്പെട്ട ആടിനെ വിൽക്കുന്നതിൽ അവൾക് സങ്കടം ഉണ്ട്. തനിക്കൊരു കൂട്ടുകാരിയെ പോലെയായിരുന്നു ആ ആട്. ആയിസാത്ത ആടിനെ വളർത്തുന്ന ഒരു പ്രമാണിക്ക് ആടിനെ കൊടുത്തു. ആ പണം കൊണ്ട് വീടിന്റെ ആധാരം എടുത്തു. പക്ഷെ ആ വീട്ടിൽ ആടില്ലാതെ ഒറ്റയ്ക്ക് താമസിക്കാൻ ആയിസാത്തയ്ക്ക് സാധ്യമല്ലായിരുന്നു. ആയിസാത്തയുടെ സങ്കടം മനസിലാക്കി ആയിസാത്തയുടെ ആങ്ങള നങ്ങേമ്മയെ തിരിച്ചു നൽകാനായി പ്രമാണിയോട് അപേക്ഷിച്ചു. മനസ്സലിഞ്ഞ പ്രമാണി ആ ആടിനെ തിരിച്ചു നൽകി. നങ്ങേമ്മയുമായി ഒന്നിച്ചുള്ള ആ പഴയ ജീവിതം ആയിസാത്തയ്ക്ക് വീണ്ടും തിരിച്ചു കിട്ടി. അവർ സന്തോഷത്തോടെ ജീവിച്ചു.

**Avanthika**

## *Once had a friend*

who I thought was my soul
she was so good at pretending
that I was blinded
had a lot of trust but
it was nothing for her
she got a new one
both were enough for each other
made for each other
had enough of her
but my heart is still
waiting for its soul
hoping that one day she would
realize the truth
the good old days
our memories
how special those were...

**Devananda J**

## *Take me with you*

Just like touch-me-not
adore me with care
and i shall bloom, exceptionally well,
and happily in the time of youth

Like rose 'The timeless gifts of love'
take me with you
let me make your special occasions
memorable with my presence and fragrance

Like lilies, 'I am sacred to this world'
pure hearted and innocent
Grasp me tight in your arms
to start a new and fresh life
as I symbolizes rebirth

Just like you take dandelion
and make a wish by blowing its seeds
Take me, I shall take your
thoughts and dreams within me
to get it perceived for you

But dont blow me off completely
as i want to live
within the bounded time
So, just, take me with you

**Anamika V**

# വികസനം

നല്ല നാളേക്കായി നമ്മൾ കരുതുന്നതാണ് വികസനം. സമൂഹത്തിലെ ജനങ്ങൾക്ക് സുഖകരവും അതുപോലെ സന്തോഷകരവുമായ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സർക്കാർ നമുക്കുവേണ്ടി സജ്ജമാക്കുന്നതാണ് വികസനം. എന്നാൽ ഒരു നാണയത്തിന് രണ്ടുവശമുണ്ട് എന്ന് പറയുന്നതുപോലെ വികസനത്തിന് നല്ലതും മോശവുമുണ്ട്. നല്ലതിനെ കുറിച്ച് പറയാനാണെങ്കിൽ ഭാവിയിൽ ജനങ്ങൾക്ക് സുഖകരമായ ജീവിതം മുന്നോട്ടു നയിക്കുന്നതിനും അതുപോലെ ജോലിഭാരം കുറയ്ക്കാനും, എളുപ്പമാർഗ്ഗത്തിലൂടെ പണം സമ്പാദിക്കാനും സാധിക്കും. എന്നാൽ ദോഷമാകും കൂടുതൽ, വികസനത്തിലൂടെ പലർക്കും വീടും സ്ഥലവും നഷ്ടമാകുന്നു. മാത്രമല്ല, തൊഴിൽ ക്ഷാമവും നേരിടേണ്ടിവരാം അതിനോടൊപ്പം വികസനം പ്രകൃതിയെയും മറ്റു ജീവജാലങ്ങളെയും ചൂഷണം ചെയ്യുന്നു. അവസാനമായൊരു ചോദ്യം ബാക്കിവെച്ചുകൊണ്ടു ഞാൻ നിർത്തുന്നു. ചുമരില്ലാതെ ചിത്രം വരക്കുവാൻ കഴിയുമോ. "മനുഷ്യരില്ലാതെ വികസനം എന്തിന്; എന്നാൽ ഒരു സത്യവും ഇതിനോടൊപ്പം കൂട്ടിചേർക്കുന്നു. നല്ലതുനടക്കുവാൻ വേണ്ടി പലനല്ലകാര്യങ്ങളും നമുക്ക് ഉപേക്ഷിക്കേണ്ടി വന്നേക്കാം".

**സിനോണിമ സുജിത്ത്**

# *വായനയുടെ അഭാവം*

വായനയുടെ അഭാവം പുതുതലമുറയിൽ വലിയതോതിൽ പ്രകടമാണ് വായനയുടെ അഭാവംമൂലം പുതുതലമുറക്ക് സ്വന്തം മാതൃഭാഷ പോലും വായിക്കാനും എഴുതാനും കഴിയാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിലാണ് വായനയുടെ പ്രാധാന്യത്തെപ്പറ്റി നാം മനസ്സിലാക്കുന്നത്. വായനയിലൂടെ മാത്രമേ നമുക്ക് അറിവും, നല്ലതും മോശവും തിരിച്ചറിയാനുള്ള കഴിവും ലഭിക്കുകയുള്ളൂ. പുതുതലമുറയുടെ അമിതമായ മൊബൈൽ ഫോൺ ഉപയോഗവും വായനയുടെ അഭാവത്തിന് കാരണമാണ് 'വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും വായിച്ച വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും' എന്ന കുഞ്ഞുണ്ണിമാഷിന്റെ വരികൾ പുതുതലമുറയിൽ വളരെ പ്രശസ്തമാണ്. വായനയിൽ നിന്നാണ് ഒരു വ്യക്തി നല്ലവനും ഉത്തരവാദിത്വമുള്ളവനും ആവുന്നത്. വായനയുടെ കുറവ് നമ്മുടെ പഠനത്തിന് ഏറെ ദോഷം ചെയ്യും. നാം നിറയെ പുസ്തകങ്ങൾ വായിക്കുക. ആ പുസ്തകത്തിലെ നല്ല ഗുണപാഠങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ ശ്രമിക്കുക. നമ്മുടെ സ്വഭാവ രൂപീകരണത്തിനും വായന ഏറെ പങ്ക് വഹിക്കുന്നുണ്ട്. വായനയാണ് ഒരു നല്ല സമൂഹത്തെ വാർത്തെടുക്കുന്നതിന് മുഖ്യ പങ്ക് വഹിക്കുന്നത്.

Avanthika N. K

# കാലവസ്ഥ വ്യതിയാനം

ലോകത്താകമാനം കാലാവസ്ഥ മാറിമറയുന്നു. സമീപകാലത്തായി ഈ മാറ്റത്തിനു വേഗത കൂടി. പ്രളയവും കൊടുങ്കാറ്റും ചൂടും വരൾച്ചയും അപ്രതീക്ഷിതമായി വ്യാപിക്കുന്നു. ഇതിന് കാരണം നമ്മൾ മനുഷ്യർ തന്നെ ആണ്. നമ്മൾ അനാവശ്യ യാത്രകളും മറ്റും ചെയ്യുന്നു. ഇതിലൂടെ വാഹനങ്ങളിൽ ഫോസിൽ ഇന്ധനങ്ങൾ കത്തുന്നത് വഴി ആഗോളതപനം വർധിക്കുന്നു. ഫോസിൽ ഇന്ധന ഉപയോഗം വ്യാവസയിക ഫാക്ടറികളാൽ നിന്ന് വരുന്ന മീഥെയ്ൻ , കാർബൺ മോണോക്സൈഡ് പോലെയുള്ള വാതകങ്ങൾ അന്തരീക്ഷത്തിൽ എത്തുന്നു. ഇതുമൂലം അന്തരീക്ഷതാപനം വർദ്ധിക്കുന്നു. അന്തരീക്ഷത്തിൽ ഇങ്ങനെ ചൂട് കൂടിയാൽ അന്റാർട്ടിക്കയിലും ഗ്രീൻലാൻന്റിലും മഞ്ഞ് ഉരുകി വെള്ളമായി സമുദ്രത്തിനൊടൊപ്പം കൂടിച്ചേർന്നു . ഇത് വെള്ളപൊക്കം വരെ ഉണ്ടാക്കാം.

കാലവസ്ഥവ്യതിയാനത്തെ പറ്റി ചർച്ച ചെയ്യുന്ന ഐക്യരാഷ്ട്ര വേദിയാണ് കാലവസ്ഥ ഉച്ചകോടി . ഇങ്ങനെ ഒരു കാലവസ്ഥ ഉച്ചകോടിയിൽ അമേരിക്കൻ actor Leonardo DiCaprio യുടെ പ്രസംഗം "climate change is not a hysteria, it's a fact" പ്രശസ്തമാണ്. അദ്ദേഹം പറയുന്നത് അന്തരീക്ഷത്തിലെ താപം വർധിക്കുന്നതിന് പ്രധാന കാരണം ഇന്ധനം കത്തിക്കുന്നതാണ് എന്നും ഗവർമെന്റ് സബ്സിഡി കൊടുക്കുന്നത് കൊണ്ടാണ് ഇന്ധനം ജനങ്ങൾ അമിതമായി ഉപയോഗിക്കാൻ കാരണം എന്ന് അദ്ദേഹം പറയുന്നു. പ്രസംഗത്തിന്റെ അവസാനം പറയുന്ന കാലാവസ്ഥ വ്യതിയാനം എന്ന പ്രശ്നത്തിന് ഒരു പരിഹാരം അവധ്യമാണ്. പക്ഷെ ഇതിന് വേണ്ടി ആരും തയ്യാറാകുന്നില്ല.

കാലവസ്ഥ വ്യതിയാനത്തിന് ഒരു പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ മനുഷ്യ ജീവൻ ആപത്തിലാകും. ഈ കാലവസ്ഥ തന്നെ മുന്നോട്ട് പോയാൽ വരാൻ പോകുന്ന തലമുറയ്ക്ക് ഈ ഭൂമിയിൽ വസിക്കാൻ കഴിയില്ല. അവർക്കുവേണ്ടി നമ്മൾ ഇതിനു ഒരു പരിഹാരം കണ്ടെത്തണം. ആവശ്യത്തിന് മാത്രം യാത്ര ചെയ്യുക, ഒരു വാഹനത്തിൽ 4 പേർ എങ്കിലും യാത്ര ചെയ്യുക, വനനശീകരണം തടയുക, ചെടികൾ നട്ടു പിടിപ്പിക്കുക ഇതെല്ലാം ചെയ്യുന്നത് വഴി കാലവസ്ഥ വ്യതിയാനം തടയാം.

**Agini . V. V**

# ഇരുട്ടിൽ നിന്നും

***നിള*** . അവളൊരു അന്ധയായ കുട്ടിയാണ്.
ജന്മനാ കാഴ്ച്ച നഷ്ടപെട്ട അവളെ മുന്നോട്ട് നയിച്ചത് അവളുടെ അമ്മയാണ് .
അങ്ങനെ ഒരു അന്ധയായ കുട്ടിയെ വളർത്തുന്ന ഭാര്യയെയും തന്റെ സ്വന്തം രക്തത്തിൽ പിറന്ന തന്റെ കുട്ടിയെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം അവളുടെ അച്ഛൻ എറ്റെടുക്കുന്നില്ല . അയാൾ അവരെ ഇരുട്ടിന്റെ വഴിയിലേക്ക് തള്ളിയിട്ട് മറ്റെവിടെയോ ചെന്ന് സുഖമായി ജീവിക്കുകയാണ് .

ജീവിതത്തിൽ ഇതുവരെ സന്തോഷമെന്തെന്ന് നിളയറിഞ്ഞിട്ടില്ല . അവളുടെ അമ്മയാണ് അവളുടെ ലോകം . ചിറകുകൾ മുളയ്ക്കാത്ത അവളെ അമ്മ തള്ളകോഴി തന്റെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നത് പോലെ സംരക്ഷിച്ചു . എന്നാൽ , അവൾക്കു വേണ്ടി ഒരായുസ് മുഴുവൻ കഷ്ടപ്പെട്ട ആ അമ്മ ഒരുനാൾ തനിക്ക് രക്താർബുദം ബാധിച്ചെന്ന് തിരിച്ചറിയുന്നു .
എന്നാൽ അത് ചികിൽസിച്ചു ഭേദമാക്കാനുള്ള തുക അവളുടെ കയ്യിൽ ഇല്ല. അവൾ സമ്പാദിച്ചതെല്ലാം തന്റെ മകൾക്കുവേണ്ടിയായിരുന്നു . ആ സമയത്തിലും അമ്മ സ്വന്തം മകളുടെ ജീവിതത്തെ സംരക്ഷിക്കാനായി ജോലിക്ക് പോകും .

ഇടയ്ക്കിടെ ഫാക്ടറിയിലെ പുക ചുമച്ച് രക്തം ഛർദ്ദിക്കും . എന്നാലും കഷ്ടപ്പെട്ട് സമ്പാദിച്ചു കൊണ്ടുവന്ന പണം കുടുക്കയിൽ ഇടും തന്റെ മകളുടെ കണ്ണിന്റെ ഓപ്പറേഷന് വേണ്ടിയാണ് അത് .



എന്നാൽ , ആ മകളുടെ കണ്ണുകളിൽ വെളിച്ചം വന്ന് വീഴും മുൻപേ ആ അമ്മ യാത്രയാകുന്നു .

ആ മകൾ തനിച്ചാകുന്നു എന്നാലും അവൾ അവളുടെ അമ്മയുടെ സാനിധ്യം അരികിലുണ്ടെന്നു കരുതി ജീവിതത്തോട് പൊരുതുന്നു . അങ്ങനെ അവളുടെ അമ്മയുടെ കണ്ണീരിനും ത്യാഗത്തിനും ഫലമായി കുറെ നല്ല മനുഷ്യരുടെ സഹായത്തോടെ അവളുടെ കണ്ണുകളിലേക്ക് ഒരു നാൾ പ്രകാശം എത്തുന്നു . അമ്മയില്ലാത്തൊരു പുതിയ ലോകത്തെ അവൾ തിരിച്ചറിഞ്ഞു ജീവിതത്തിലെ പരാജയങ്ങളെ

പൊരുതി ജീവിക്കാൻ അവൾ പഠിച്ചു . അങ്ങനെ അവൾ തന്റെ അമ്മ പഠിപ്പിച്ച പാഠങ്ങൾ അനുകരിച്ചു കൊണ്ട് ജീവിതത്തിന്റെ ചിറകുകൾ വിടർത്തി പറന്നുയർന്നു . ജീവിതത്തിൽ വിജയങ്ങൾ നേടി സന്തോഷത്തോടെ ജീവിച്ചു .

**Thamanna. M**


# നാട്ടുകാർ

സത്യം പറയാലോ ഈ നാട്ടുകാർക്ക് ഒക്കെ ഒരു സ്വഭാവം ആണ് മാഷേ......
എനിക്ക് തീരെ ഇഷ്ടമല്ലാത്ത ഒരു കാര്യം ആണ് ജാതി മതം പറയൽ!
ഒരു ദിവസം സ്കൂളിൽ പോകാൻ ബസ്സ് സ്റ്റോപ്പിൽ ബസ്സ് വരുന്നത് കാത്തുനിൽക്കുമ്പോൾ ഒരു ചെക്കൻ വന്ന് എന്നോട് വഴി ചോദിച്ചു..... അന്ന് ഞാൻ ആണ് നാട്ടിലെ വിഷയം.. നിങ്ങൾ വിചാരിക്കുന്ന ഉണ്ടാകും ഒരു ബൈക്കിൽ വന്ന ഒരാൾ വഴി ചോദിച്ചത് എന്താ ഇത്ര മാത്രം നാട്ടുകാർക്ക് പറയാൻ എന്ന്..ഞാൻ പറഞ്ഞു തരാം എന്റെ വീട്ടിൽ നിന്ന് 25 വീട് അപ്പുറം ഉള്ള വേലക്കാരി 'സുലഭി' അവരുടെ മുന്നിൽ ഉള്ള തോട്ടിൽ നിന്ന് തുണി അലക്കാൻ വന്ന 'മീനു'നോട് പറയാ: " നീ അറിഞ്ഞാടി സഫിയയുടെ രണ്ടാമെത്ത മോൾ ഫാതിമ നമ്മുടെ ജാതികാരനോട് പ്രേമത്തിലാണ്.... ഇന്ന് ആ ചെക്കൻ ബസ്സ് സ്റ്റോപ്പിന് മുന്നിൽ കാണാൻ വന്നിരുന്ന പോലും ഒരു മാതിരി കാതോക്കെ കുതിയാണ് പോലും ഉള്ളത് " 'സുലഭി':"ഇപ്പോഴത്തെ കുട്ടികൾ instagram ഒക്കെ ഇല്ലെ നല്ലൊരു കൊച്ച് ആയിരുന്നു എനി എന്ത് പറയാനാ"....
അങ്ങനെ അങ്ങനെ നാട്ടിൽ മൊത്തം പരത്തി ഇത് കേട്ട പാതി കേൾക്കാത്ത പാതി 18 വയസ്സ് പറയുമ്പോൾ ഏതെങ്കിലും ഒരു മൂലയിൽ കെട്ടിചയകും ഒരാൾ ഉടെ ജീവൻ വെച്ച് ആടുക എന്ന് പറഞ്ഞാൽ ഇതാണ്. ഇത് നാട്ടുകാർക്ക് മാത്രം ഉള്ള കഴിവാണ്.

**Rana Fathima**

# സ്നേഹശൂന്യം

അന്ന് കണ്ട അമ്മയല്ലിന്നിത്
ആലോചിക്കുമ്പോൾ വിദൂരതയിൽ
മാഞ്ഞനിറങ്ങൾ പോൽ
ചിന്തിച്ചിരിക്കുന്ന അമ്മ ;
ജനിച്ചന്നു മുതൽ  ചിരിച്ചും,



ചിരിപ്പിച്ചും, ദുഃഖങ്ങൾ ഉള്ളിലൊതുക്കിയമ്മ
ഇന്നൊരു ഭാരമാവുന്നു.
മക്കൾക്കെന്നും കരിപ്പിടിച്ച മുഖം തുടച്ചും,
വിയർപ്പിറ്റ് വീണ  വസ്ത്രം കഴുകിയും
അമ്മതൻ കഷ്ടപ്പാടിൽ മക്കൾ സന്തോഷിക്കുവാൻ,
സന്തോഷം വന്നപ്പോൾ അമ്മ ഭാരമായി
തീരുമാനിച്ചവർ വൃദ്ധയെ കൊണ്ടുചെന്നാക്കുവാൻ.
അമ്മയുടെ കണ്ണുകൾ നിറഞ്ഞില്ല
ചോദിച്ചു അമ്മ 'വേഗം വരില്ലേ മോനെ?´
അന്ന് ആദ്യ ദിനത്തിൽ മകനെ
ചേർത്തപ്പോൾ
അവൻ ചോദിച്ചു `വേഗം വരില്ലേ അമ്മേ?´
മകൻ ചോദിച്ച ചോദ്യം വീണ്ടും ചോദിക്കുന്നു
അമ്മ ; തൻ മകനോട്.
ഒരു മാറ്റം മാത്രം,
അന്ന് വിദ്യാലയം, ഇന്ന് വൃദ്ധാലയം.

**സിനോനിമ സുജിത്**

# സൗഹൃദത്തിന്റെ വില

പണ്ട് രണ്ട് കൂട്ടുകാർ മരുഭൂമിയിലൂടെ നടന്നു പോവുകയായിരുന്നു. അവർ തമ്മിൽ ഒരു തർക്കം ഉണ്ടായി. ആ തർക്കത്തെ തുടർന്ന് ഒരു കൂട്ടുകാരൻ മറ്റേ കൂട്ടുകാരന്റെ മുഖത്ത് അടിച്ചു. അടി കൊണ്ട കൂട്ടുകാരന് ഒരുപാട് വേദനിച്ചു എങ്കിലും അവൻ ഒന്നും പറഞ്ഞില്ല പകരം അവൻ മരുഭൂമിയിലെ മണലിൽ എഴുതി എന്റെ പ്രിയ സുഹൃത്ത് എന്റെ മുഖത്തടിച്ചു. അങ്ങനെ അവർ വീണ്ടും യാത്ര തുടങ്ങി. യാത്രയുടെ ഇടയിൽ ദാഹിച്ചു വരണ്ട അവർ ഒരു വെള്ളക്കെട്ട് കണ്ടു അവർ അതിന്റ അടുത്തേക്കു ചെന്നു. അവർ രണ്ടു പേരും വെള്ളം കുടിക്കാൻ തുടങ്ങുകയായിരുന്നു അപ്പോൾ അടി കൊണ്ട കൂട്ടുകാരൻ ചെളികുണ്ടിൽ വീണുമുങ്ങാൻ തുടങ്ങി അപ്പോൾ അവന്റെ പ്രിയ സുഹൃത്ത് അവനെ കഷ്ടപ്പെട്ടു രക്ഷിച്ചു രക്ഷപെട്ട കൂട്ടുകാരൻ അവിടെ ഇരുന്നു കല്ലിൽ എഴുതി. ഇന്ന് എന്റെ പ്രിയ സുഹൃത്ത് എന്റെ ജീവൻ രക്ഷിച്ചു.

ഇതു കണ്ട അവന്റെ കൂട്ടുകാരൻ ചോദിച്ചു ഞാൻ നിന്നെ അടിച്ചപ്പോൾ നീയത് മണ്ണിൽ എഴുതി എന്നാൽ ഞാൻ നിന്നെ സഹായിച്ചപ്പോൽ നീ എന്തുകൊണ്ടാണ് അത് കല്ലിൽ കുത്തി എഴുതിയത്. ആ കൂട്ടുകാരൻ ഇങ്ങനെ മറുപടി പറഞ്ഞു "ആരെങ്കിലും നമ്മളെ വേദനിപ്പിച്ചാൽ നമ്മൾ അതിനെ മണലിൽ എഴുതണം പിന്നീട് ക്ഷമയുടെ കാറ്റ് അതിനെ മായിക്കും പക്ഷേ ആരെങ്കിലും നമുക്ക് നല്ലത് ചെയ്താൽ നമ്മൾ അത് കല്ലിൽ എഴുതണം കാരണം നമ്മുടെ സൗഹൃദബന്ധം ഒരിക്കലും മാഞ്ഞു പോകാതെ നിലനിൽക്കുന്നതിനുവേണ്ടി." അവരുടെ തെറ്റുകൾ ക്ഷമിക്കാനും പൊറുക്കാനും പഠിക്കണം അങ്ങനെയാണെങ്കിൽ നല്ലൊരു സുഹൃത്തുക്കൾ ഉണ്ടാകും.

മിഴികൾ നിറഞ്ഞാൽ പറയാതെ അതിന്റെ കാരണം തിരിച്ചറിയുന്ന സുഹൃത്ത് ജീവിതത്തിൽ നമുക്ക് സമ്പാദിക്കാൻ പറ്റിയ ഏറ്റവും വലിയ സമ്പത്ത് ആയിരിക്കും എനിക്കുണ്ട് അങ്ങനെ ഒരാൾ നിങ്ങൾക്കുംഉണ്ടെങ്കിൽ നിങ്ങളുടെ ഭാഗ്യമാണ്.

**Theja. S**

# എന്തിനീ ക്രൂരത ചെയ്തു മനുഷ്യരെ

എൻ നാടങ്ങിതെത്രയോ മുരടിച്ചു പോയതെൻ

മനം പിടയുന്നു എത്രയോ കാലമായി

ധർശിച്ചു
മനസ്സിനോട് അടുപ്പിച്ചുവച്ചുവിൻ നാടിനെ;

എത്രയോ വെറുത്തിടുന്നു മനുഷ്യനങ്ങനെ. ഓരോന്നായി നശിപ്പിക്കവേ

ദുഷ്ടത കാട്ടും തങ്ങളെല്ലാം പാപികളായി മാറുന്നുവോ.

കാടും തോടും നശിപ്പിച്ചെന്ത് നേടി മനുഷ്യരെ;

വൃക്ഷങ്ങളോരോന്നായി പിഴിതെറിയു നിങ്ങളീ

ജീവജാലങ്ങളെ എന്ത് ചെയ്തു

കാലഘട്ടങ്ങളോരോന്നായി മാറി മറഞ്ഞാലും

അന്ധവിശ്വാസത്തിൽ വിശ്വസിച്ചിരിക്കവേ,

തെറ്റുകളുടെ സംഖ്യ കൂടി വരുകയാണോ

ഈ ലോകത്തിനിതെന്തു പറ്റി!.



**നൊന്തുപെറ്റമ്മയുടെ,**

**അരികിൽ കിടക്കുന്നു...**

**ചേതനയറ്റ തൻ പൊൻ മകൻ**

മകനേ,
നെഞ്ചോട് ചേർത്തവർ-
പൊട്ടികരയുന്നു.
പിന്നെ എന്തൊക്കയോ..
പറയാൻ ശ്രമിക്കുന്നു
വാക്കുകൾ പലതും
മുറിഞ്ഞുപോകുന്നതും

കണ്ടുനിൽകുന്നവർ..
കണ്ണീർ തുടക്കുന്നു
രണ്ടുദിനം മുന്നേ വാങ്ങിയ വണ്ടിയിൽ....
യാത്രയാക്കിയ തൻമകൻ..
ഇന്ന്,
ജീവനറ്റുകിടക്കുന്നമു ന്നിൽ
അമ്മ,
പിന്നെയും പലതും പറയുന്നു.. നിശബ്ദം...

വിധിയെ പഴിക്കുന്ന

മറ്റൊരുകൂട്ടരും
നെഞ്ചകം പൊട്ടികരയുന്ന
അമ്മയെ താങ്ങിയെടുത്താരോ,
മുറിക്കുള്ളിലേക്ക് കൊണ്ടുപോയി..

ചീറി പറയാൻ കൊതിക്കുന്ന
ബാല്യമേ ഓർക്കുക നാം.. എപ്പോഴും
ജീവനേക്കാൾ വിലയുള്ളതൊന്നും
ഈ ഭൂമിയിൽ ഇല്ലെന്ന സത്യം......

***Salvya Sudeep***

# കമ്പ്യൂട്ടറും സേവനവും

ആധുനിക ലോകത്തിൽ മനുഷ്യന്റെ സന്തതസഹചാരിയായി മാറിയിരിക്കുകയാണ് സാങ്കേതികവിദ്യ എന്നത്.അതിൽ മനുഷ്യൻ നടത്തിയ ഏറ്റവും മികച്ച കണ്ടുപിടിത്തങ്ങളിൽ ഒന്നാണ് കമ്പ്യൂട്ടർ.ചാൾസ് ബാബേജ്,ആണ് കമ്പ്യൂട്ടറിന്റെ പിതാവ്.അദ്ദേഹം 1883 ലാണ് ഇത്തരമൊരു ആശയം ലോകത്തിന് മുന്നോട്ട് വയ്ക്കുന്നത്.വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ചെടുക്കുവാനുമുള്ള ഒരു സാങ്കേതിക ഉപകരണമായാണ് കമ്പ്യൂട്ടർ ഉപയോഗിക്കുന്നത്.

എന്നാൽ സാങ്കേതികവിദ്യയുടെ വളർച്ച മനുഷ്യജീവിതത്തിലും കമ്പ്യൂട്ടറുകളുടെ ഉപയോഗം വൻതോതിൽ ആക്കിതീർത്തു.ഇന്ന് ഏതു മേഖലയിലും കമ്പ്യൂട്ടർ ഇടം പിടിച്ചു കഴിഞ്ഞു.കുട്ടികൾ തങ്ങളുടെ ചെറിയ പ്രായത്തിൽ തന്നെ കമ്പ്യൂട്ടർ പഠനത്തിൽ ഏർപ്പെടുന്നു.

മഹാമാരികൾ സമൂഹത്തിൽ വന്നതോടുകൂടി വിദ്യാഭ്യാസ മേഖല കമ്പ്യൂട്ടർ പോലെയുള്ള ആധുനിക സാങ്കേതികവിദ്യയെ ഊന്നിയാണ് മുന്നോട്ടുപോകുന്നത്. കമ്പ്യൂട്ടർ ഉപയോഗിച്ച് നിർമ്മിച്ചെടുക്കുന്ന പഠന പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് നേരിട്ട് കണ്ട് പഠനകാര്യങ്ങളിൽ മനസ്സിലാക്കി എടുക്കാൻ സഹായമാകുന്നു. അതോടൊപ്പം കമ്പ്യൂട്ടറിന്റെ വരവോടെ ആണ് സാങ്കേതികവിദ്യ വലിയ വളർച്ചയിലേക്ക് കാലെടുത്തുവച്ചത്.

# പൂന്തോട്ടം

നട്ടുനനച്ച് വളർത്തീടാം.......
നമ്മുക്കൊരു സുന്ദരമാം പൂന്തോട്ടം
സ്നേഹ പുഞ്ചിരി വിടരും പൂന്തോട്ടം
തൊട്ടു തലോടി ഉണർത്താം നമ്മുക്ക്
സാഹോദര്യത്തിൻ നൈർമല്യം വിശ്വാസത്തിൻ തണലേകി
നല്ലൊരു പൂമോട്ടുണർത്തിടാം
മറ്റൊരു സ്നേഹ ലോകം നിർമ്മിച്ച്
മറ്റുള്ളവർക്ക് തുണയാകാം
കണ്ണിന് കുളിർമയേകാം നമ്മുക്ക്
കാതിന് സ്നേഹം പകരാം
ഒത്തൊരുമിച്ച് നമുക്ക് തീർക്കാം
സ്നേഹത്തിൻ ഒരു പൂന്തോട്ടം

***ഫാത്തിമ ഷൻസ സലീം***

# അവൾ

മുൻകാലങ്ങളിൽ അവളാണടിമ-
ത്ത്വത്തിനടയാളം
എരിഞ്ഞടങ്ങുന്ന
വളാണവൾ
സർവ്വം സഹയാണവൾ
ലോകമെന്താണെന്നറിയാത്തവൾക്ക്
സ്വാതന്ത്ര്യമെന്താണെന്നറിയില്ല
അവൾ അടിച്ചമർത്തപ്പെടുന്നു.
എന്നാലീനൂറ്റാണ്ടിൽ, അവൾ
ധീരതയോടെ പുനർജനിക്കുന്നു.
കാലം സമത്വത്തിലേക്ക് നീങ്ങി-
ക്കൊണ്ടിരിക്കുന്നു
അവളാണിന്നീനാടിനഭിമാനം
നാടിൻ ശക്തിയാകുന്നു അവൾ
അവളില്ലാധരണി ശൂന്യമാണ്
അന്നടിമയായവൾ ഇന്നുടമയാകുന്നു.

**Harinanda.H**



# കടന്നുപോയ ചില നാളുകൾ.........


കടമ്പൂർ ഹയർസെക്കന്ററി സ്കൂൾ
ഓണാഘോഷം 2023-24
61 ഇരട്ടകളുടെ
മഹാസംഗമം
2023 ആഗസ്ത് 25


2023 ഓഗസ്റ്റ് 26 ശനി

# ശാസ്ത്രോത്സവം



GADGILL COMMITTEE
KASTURIRANGAN COMMITTEE
ENVIRONMENTAL DEGRADATION
Mining
Deforestation
Reclamation of fields
PRECAUTIONS
MINING
DEMOLISHION OF HILLS
PLASTIC POLLUTION
RECLAMATION OF FIELDS
SMHS 310


CLIMATIC REGIONS
EQUATORIAL CLIMATIC REGION
Climatic Regions


October 27, 11:43
AIR POLLUTION
GLOBAL WARMING
How to Overcome Global Warming


Geostationary Satellite


WE226LP 101
Kannur South Sub District
WORK EXPERIENCE
OVERALL CHAMPIONS
H.S - OVERALL
U.P - OVERALL 2ND
L.P - OVERALL 4TH
CHAMPIONS


കണ്ണൂർ സൗത്ത് സബ് ജില്ല
മിന്നും വിജയവുമായി
KADAMBUR HSS
HS OVER ALL FIRST
UP OVER ALL SECOND



# ഗാന്ധിജയന്തി













കടമ്പൂർ
ഹയർ സെക്കണ്ടറി സ്കൂൾ
വിദ്യാരംഗം കലാ
സാഹിത്യവേദി
2023 ആഗസ്ത് 8
ചൊവ്വ രാവിലെ 10.30 ന്
ഉദ്ഘാടനം :
ശ്രീ.വീരാൻകുട്ടി മാസ്റ്റർ (പ്രശസ്ത കവി)
അധ്യക്ഷത :
എം.സുധാകരൻ മാസ്റ്റർ (HM കടമ്പൂർ HSS)






1 Domestic animals ?
2 Wild animals ?
3 Body parts of an animal ?
4 Animals that live in water?
5 Animals that give milk ?
Tharang 1B* as Kerala






HAPPY BIRTHDAY



# കേരളപ്പിറവി





ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്


Challenge the Challenges -
Towards a Better World










KNC1014
ഓണം ക്യാമ്പ്


ഓണം ക്യാമ്പ്
2023 ആഗസ്ത് 31, സെപ്തംബർ 1,2
Challenge the Challenges -
Towards a Better World
പരേഡ്, ബോധവത്കരണക്ലാസ്സുകൾ,
കരാട്ടെ പരിശീലനം, കലാപരിപാടികൾ












# സബ്ജില്ല ചാമ്പ്യൻസ്


KNOWLEDGE
INNOVATION
TECHNOLOGY
freedom fest 2023
12-16 AUG, THIRUVANANTHAPURAM
Special Assembly
Kadambur H S S




IT Corner

## നന്ദി



സാങ്കേതിക വിദ്യാലാകത്ത് ഞങ്ങളെ കൈപിടിച്ചുയർത്തുന്ന തരത്തിൽ സ്കൂൾതല പ്രവർത്തനങ്ങൾ കൂടുതൽ സർഗ്ഗാത്മകമാക്കി തീർക്കാൻ അവസരം നൽകിയതിനും ലൈറ്റിൽകൈറ്റ്സ് ക്ളബ്ബിന്റെ പ്രവർത്തനഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയതിനും ഞങ്ങളുടെ എല്ലാ അധ്യാപകർക്കും കൂട്ടുകാർക്കും ഒരായിരം നന്ദി അറിയിക്കുന്നു ....